കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 നവംബർ 19 തിങ്കൾ

കാസർകോട്

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്കായി

## രണ്ടുഹോസ്റ്റലുകൾകൂടി വരുന്നു;

## നിർമ്മാണോദ്ഘാടനം 25ന് മന്ത്രി എ.കെ ബാലൻ നിർവഹിക്കും

ജില്ലയിലെ മലയോര മേഖലയിലെ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്കായി സംസ്ഥാന പട്ടികവർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ഹോസ്റ്റലുകൾ ഒരുങ്ങുന്നു. നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ഈ മാസം 25ന് പട്ടികജാതി, പട്ടികവർഗ, പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി എ.കെ. ബാലൻ നിർവഹിക്കും.

ജില്ലയിലെ മലയോര മേഖലയിൽ ഏറ്റവും കൂടുതൽ പട്ടിക ജാതി, പട്ടികവർഗ സങ്കേതങ്ങളുള്ള ബേഡഡുക്ക, കുറ്റിക്കോൽ, ദേലംപാടി, പനത്തടി, കള്ളാർ പഞ്ചായത്തുകളിലെ ഈ വിഭാഗത്തിലെ പെൺകുട്ടികൾക്ക് കുണ്ടംകുഴി ഗവ. ഹയർസെക്കന്ററി സ്കൂളിനോട് ചേർന്നുള്ള സ്ഥലത്താണ് പ്രീ-മെട്രിക്ക് ഹോസ്റ്റൽ അനുവദിച്ചത്. കെട്ടിട നിർമ്മാണത്തിന് കിഫ്ബിയിൽ 4.70 കോടി രൂപ അനുവദിച്ച പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം രാവിലെ 10.30ന് കുണ്ടംകുഴി ടൗൺ പരിസരത്ത് മന്ത്രി എ.കെ. ബാലൻ നിർവഹിക്കും. കെ. കുഞ്ഞിരാമൻ എംഎൽഎ അധ്യക്ഷത വഹിക്കും.

പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലെ ആൺകുട്ടികൾക്കായി കുറ്റിക്കോലിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്ക് ഹോസ്റ്റലിന് സ്വന്തമായി കെട്ടിടം നിർമ്മിക്കും. കിഫ്ബിയിൽ 4.20 കോടി രൂപ അനുവദിച്ച പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം 11.30ന് കുറ്റിക്കോൽ ടൗൺ പരിസരത്ത് മന്ത്രി എ.കെ. ബാലൻ ഉദ്ഘാടനം ചെയ്യും. കെ. കുഞ്ഞിരാമൻ എംഎൽഎ അധ്യക്ഷത വഹിക്കും.

ഉദ്ഘാടന ചടങ്ങുകളിൽ ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു, പട്ടിക വർഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ വി. ശശീന്ദ്രൻ, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഓമന രാമചന്ദ്രൻ, ബേഡഡുക്ക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സി. രാമചന്ദ്രൻ, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ജെ. ലിസി. പട്ടികവർഗ വികസന വകുപ്പ് ജില്ലാ ഓഫീസർ പി.ടി. അനന്തകൃഷ്ണൻ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ സംബന്ധിക്കും.

(തുടരും)

# സ്വയം തൊഴിൽ മേഖലയിൽ വിപ്ലവം സൃഷ്ടിച്ച്

# തീരമൈത്രി പദ്ധതി

തീരദേശ മേഖലയുടെ സാമൂഹിക വികസനം ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കുന്ന തീരമൈത്രി പദ്ധതി മത്സ്യത്തൊഴിലാളികളുടെ അതിജീവനപാതയിൽ പുത്തൻ പ്രതീക്ഷയാകുന്നു. ഫിഷറീസ് വകുപ്പ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷറീസ് വുമൺ (സാഫ്) ഏജൻസി വഴി നടപ്പാക്കുന്ന തീരമൈത്രി പദ്ധതി മത്സ്യത്തൊഴിലാളികളായ വനിതകൾക്ക് നിരവധി തൊഴിൽ സാധ്യതകളാണ് തുറക്കുന്നത്. ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് 1100 ഓളം തൊഴിൽ സംരംഭങ്ങളാണ് പദ്ധതിയുടെ കീഴിൽ ആരംഭിച്ചത്. അഞ്ചുകോടി രൂപ വരെ പ്രതിമാസ വ്യാപാരം നടക്കുന്നു. ഇതിൽ രണ്ട് കോടിയോളം രൂപ ശമ്പളയിനത്തിൽ ചെലവഴിക്കുന്നുണ്ട്. ജില്ലയിൽ മാത്രം 49 സംരംഭങ്ങൾ വിജയകരമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ മുപ്പതോളം പുതിയ പ്രൊജക്ടുകളുടെ നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണെന്ന് ഫിഷറീസ് വകുപ്പ് ജില്ലാ നോഡൽ ഓഫീസർ പി.വി. സതീശൻ പറഞ്ഞു.

പദ്ധതി പ്രകാരം രണ്ട് മുതൽ നാലു വരെ മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന് തിരിച്ചടവില്ലാത്ത മൂന്നു ലക്ഷം രൂപ വരെ തുകയനുവദിക്കും. ടൈലറിംഗ് യൂണിറ്റ്, പലചരക്കു കട, ഹോട്ടൽ, ബ്യൂട്ടി പാർലർ, കാറ്ററിംഗ് സർവീസ്, ഫ്ളോർ മില്ല് തുടങ്ങിയ വൈവിധ്യമാർന്ന തൊഴിലവസരങ്ങളിലേക്കാണ് തീരദേശ മേഖലയിലെ വനിതകൾ മുന്നിട്ടിറങ്ങുന്നത്. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി സാഫിന്റെ നേതൃത്വത്തിൽ മാനേജ്മെന്റ് ട്രെയ്നിങ്ങും അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയ്നിങ്ങുമുൾപ്പെടെ പഞ്ചദിന പരിശീലനം നൽകി വരുന്നുണ്ട്. തൊഴിൽ സംരംഭത്തിന് പ്രൊഫഷണൽ മുഖം കൈവരിക്കുന്നതിന് ഈ പരിശീലനം വളരെയധികം സഹായകമാവുന്നുണ്ടെന്ന് പി.വി. സതീശൻ പറഞ്ഞു.

12 പഞ്ചായത്തും മൂന്ന് നഗരസഭകളിലുമായി 15 തീരദേശ മേഖലകളാണ് ജില്ലയിലുള്ളത്. ഈ മേഖലകളിലെല്ലാം തീരമൈത്രി മാനേജ്മെന്റ് കമ്മിറ്റി (ടിഎംസി) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് അല്ലെങ്കിൽ മുനിസിപ്പൽ ചെയർമാൻ അധ്യക്ഷനായ കമ്മിറ്റി വഴിയാണ് തീരമൈത്രി പദ്ധതി പ്രാവർത്തികമാക്കുന്നത്.

ജില്ലയിൽ ആരംഭിച്ച സംരംഭങ്ങളെല്ലാം തന്നെ വിജയകരമായി മുന്നോട്ടുള്ള പാതയിലാണ്. പദ്ധതിയുടെ അനുബന്ധമായി മറ്റു നിരവധി സേവനങ്ങളും സാഫിന്റെ നേതൃത്വത്തിൽ നൽകി വരുന്നുണ്ട്. നവംബർ 22ന് ജില്ലയിലെ 49 തൊഴിൽ യൂനിറ്റുകളിലെ ഓരോ പ്രതിനിധിയെ ഉൾപ്പെടുത്തി മൈസൂരിലേക്ക് 'ഇൻഡസ്ട്രിയൽ വിസിറ്റ്' നടത്തുന്നു. ദ്വിദിനയാത്രയുടെ ഭാഗമായി സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മൈസൂർ സിൽക്ക് നിർമ്മാണ കേന്ദ്രം എന്നിവ സന്ദർശിക്കും.പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൽസ്യത്തൊഴിലാളി വനിതകൾ ഇനിയും കൂടുതൽ മുന്നോട്ട് വരണമെന്നും സ്ത്രീ സമൂഹത്തിൽ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക വഴി സാമൂഹിക വികസനം സാധ്യമാണെന്നും ഫിഷറീസ് വകുപ്പ് ജില്ലാ നോഡൽ ഓഫീസർ പറഞ്ഞു.

ഫോട്ടോ അടിക്കുറിപ്പ്: സാഫ്

: തീരമൈത്രി പദ്ധതിയുടെ കീഴിൽ വിജയകരമായി പ്രവർത്തിച്ചു വരുന്ന നീലേശ്വരത്തെ തീരമൈത്രി സൂപ്പർ മാർക്കറ്റ്.

# സ്നേഹിത ജില്ലയിൽ പരിഹരിച്ചത് 347 കേസുകൾ

സ്ത്രീകൾക്ക് സാന്ത്വനമേകാൻ കുടുംബശ്രീ ജില്ലാ മിഷൻന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട സ്നേഹിതയിലൂടെ പരിഹരിക്കപ്പെട്ടത് 347 കേസുകൾ.കഴിഞ്ഞ വർഷം ആരംഭിച്ച സ്നേഹിത പൊതുസ്ഥലങ്ങളിൽ നിന്നുള്ള പീഡനം, ഭർതൃപീഡനം, ഗാർഹികപീഡനം തുടങ്ങി എല്ലാ വിധ പ്രതിസന്ധി ഘട്ടങ്ങളിലും സ്ത്രീകൾക്ക് കൈത്താങ്ങായി ഒപ്പമുണ്ട്. ഏതു പ്രതിസന്ധി ഘട്ടത്തിലും സ്നേഹിതക്ക് കീഴിലെ ഷെൽറ്റർ ഹോമിൽ സ്ത്രീകൾക്ക് അഭയം തേടാം. മൂന്ന് ദിവസത്തിനുള്ളിൽ അവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ മനസിലാക്കി പരിഹാരം കണ്ടെത്തുന്നു എന്നതാണ് സ്നേഹിതയുടെ പ്രത്യേകത. ഇവിടെ സ്ത്രീകൾക്കാവശ്യമായ കൗൺസിലിംഗ് കൊടുക്കുന്നു. മഹിളമന്ദിരത്തി

(തുടരും)

ലേക്ക് മാറ്റേണ്ടവരെ അങ്ങോട്ടേക്ക് മാറ്റുകയും ചെയ്യുന്നു.  ജില്ലയിൽ കാഞ്ഞങ്ങാട് ആവിക്കരയിലാണ് സ്നേഹിത ഷെൽറ്റർഹോം.

സ്നേഹിതയുടെ പരിഗണിച്ച അൻപതോളം വിവാഹമോചന കേസുകളിൽ 48 കേസുകളും പരിഹരിക്കാൻ പറ്റിയിട്ടുണ്ട്. കൂടാതെ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവർക്ക് ആവശ്യമായ ചികിത്സയും നൽകുന്നുണ്ട്. മാനസിക കേന്ദ്രത്തിൽ എത്തിച്ച രോഗികൾ പിന്നീട് സ്നേഹിതയുടെ തുടർ നിരീക്ഷണത്തിലായിരിക്കും. അവരെ രോഗവിമുക്തരാകുന്നത് വരെ സ്നേഹിതകൂടെ നിൽക്കും. ഇങ്ങനെ പതിനേഴ് പേരെ സാധാരണജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ സ്നേഹിതയ്ക്ക് സാധിച്ചു. ഇതിനെല്ലാം പുറമേ മാനസിക-ശാരീരിക പീഡനങ്ങളനുഭവിച്ച കുട്ടികൾക്ക് കൗൺസിലിംഗും നൽകുന്നു.

ജില്ലയിലെ വിവിധ പഞ്ചായത്ത്, നഗരസഭ സ്നേഹിത വഴി പരിഹരിച്ച കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. പഞ്ചായത്ത്-നഗരസഭ, കേസുകളുടെ എണ്ണം എന്നീ ക്രമത്തിൽ

കാഞ്ഞങ്ങാട് - 45, മീഞ്ച - 1, അജാനൂർ-20, മടിക്കൈ- 12, പള്ളിക്കര-10, പുല്ലൂർപെരിയ-3, ഉദുമ-10, ചെറുവത്തൂർ-10, ചീമേനി-8, പടന്ന- 17, പിലീക്കോട് -6, തൃക്കരിപ്പൂർ - 12, വലിയപറമ്പ് - 2, നീലേശ്വരം- 20, കാസർകോട് -20, ബദിയഡുക്ക -10, ചെമ്മനാട് -13, ചെങ്കള- 5, കുമ്പള - 8, മധൂർ - 10, മൊഗ്രാൽപുത്തൂർ- 9, കാറഡുക്ക- 8, ബെള്ളൂർ-7, ദേലംമ്പാടി-6, കുംമ്പടാജെ-5, കുറ്റിക്കോൽ-12, ബേഡഡുക്ക-5, മുളിയാർ-4, ബളാൽ-12, കോടോംബള്ളൂർ-3, ഈസ്റ്റ്എളേരി-2, കരിന്തളം- 1 0 , കള്ളാർ- 2, പനത്തടി- 6, വെസ്റ്റ് എളേരി- 5, മംഗൽപാടി- 2, മഞ്ചേശ്വരം- 2, പുത്തിഗെ- 2, വോർക്കാടി - 2, എൻമകജെ- 0.

## എൽപിഎസ്എ റാങ്ക് ലിസ്റ്റ്; ന്യൂനപക്ഷ കമ്മീഷൻ

## പിഎസ്സിയോട് റിപ്പോർട്ട് തേടി

ജില്ലയിലെ എൽപി സ്കൂൾ അസിസ്ററന്റ് റാങ്ക് ലിസിസ്റ്റ് വിപുലീകരിക്കണമെന്നാവശ്യപ്പെട്ട് ഒരുകൂട്ടം ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതി പരിഗണിച്ച സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ പിഎസ്സിയോട് റിപ്പോർട്ട് തേടി. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം ടി.വി മുഹമ്മദ് ഫൈസലിന്റെ അധ്യക്ഷതയിൽ നടന്ന ന്യൂനപക്ഷകമ്മീഷൻ സിറ്റിംഗിലാണ് റാങ്ക് ലിസ്റ്റ് വിപുലീകരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഉടൻ സമർപ്പിക്കാൻ കമ്മീഷൻ പിഎസ്സിയോട് ആവശ്യപ്പെട്ടത്.

കുമ്പള സ്വദേശി ബി.എ മുഹമ്മദ് ഭവന നിർമ്മാണത്തിനായി കുമ്പള ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷ തടഞ്ഞുവച്ചുവെന്നപരാതിയിൽ പഞ്ചായത്ത് സെക്രട്ടറിയോട് കമ്മീഷൻ റിപ്പോർട്ട് തേടി. അന്യായമായി അറസ്റ്റ് ചെയ്ത് തന്റെ ഭർത്താവിനെ തടങ്കലിൽ പാർപ്പിച്ചുവെന്ന ചക്കരക്കൽ സ്വദേശിനി നസ്രിയയുടെ പരാതിയിൽമേൽ കമ്മീഷൻ കണ്ണൂർപോലീസ് മേധാവിയോട് ഉടൻ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടു. കാസർകോട്, കണ്ണൂർ ജില്ലകളിലെ പന്ത്രണ്ട് പരാതികളാണ് കമ്മീഷൻ സിറ്റിംഗിന് പരിഗണിച്ചത്.

## സെൻട്രൽ സ്കൂൾ ജില്ലാ കായികമേള

## നവംബർ 27 ന് ആരംഭിക്കും

സെൻട്രൽ സ്കൂൾ സ്കൂൾ ജില്ലാ കായികമേള പെരിയ നവോദയ വിദ്യാലയത്തിൽ നവംബർ 27ന് ആരംഭിക്കാൻ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എൻ.എ സുലൈൻമാന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ തീരുമാനമായി. ജില്ലയിലെ നാൽപതോളം സ്കൂളുകളിലുള്ള കുട്ടികൾക്ക് അണ്ടർ 14, അണ്ടർ 17, അണ്ടർ 19 എന്നീ മൂന്ന് കാറ്റഗറികളിലായാണ് മത്സരം നടത്തുന്നത്. ഗെയിംസ് മത്സരങ്ങൾ, ബാസ്കറ്റ് ബോൾ എന്നിവ ഡിസംബർ ഒന്നിന് ജയ്മാതാ സ്കൂളിലും ഡിസംബർ രണ്ടിന് ഷട്ടിൽ, ബാഡ്മിന്റൺ എന്നിവ ഗ്രീൻവുഡ് പബ്ലിക് സ്കൂളിലും ഡിസംബർ മൂന്നിനും നാലിനും ഫുട്ബോൾ മത്സരം നവോദയ സ്കൂളിലും നടത്തും.സ്പോർട്സിൽ പങ്കെടുക്കുന്നവർ ഈ മാസം 24 ന് വൈകിട്ട് അഞ്ചിനകം www.keralacentralsports.com എന്ന വെബ്സൈറ്റിൽ അപേക്ഷ നൽകണം. ഗെയിംസ് മത്സരങ്ങളുടെ അപേക്ഷ ഈ മാസം 28 ന് വൈകീട്ട്

(തുടരും)

അഞ്ചുവരെ സമർപ്പിക്കാം. കായികമേളയിൽ പങ്കെടുക്കുന്ന ഓരോ സ്കൂളും സ്പോർട്സ് ആന്റ് ഗെയിംസ് നടത്തിപ്പിനായി 5000 രൂപയും ഗെയിംസ് ഓരോ ഇനത്തിന് 2000 രൂപയും ഓരോ കുട്ടിയുടെയും പങ്കാളിത്ത ഫീസായി 150 രൂപയും നൽകണം.

## സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധികരിച്ചു

ജില്ലയിലെ 2014 ജനുവരി ഒന്നു മുതൽ 2016 ഡിസംബർ 31 വരെയുള്ള കാലയളവിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ജില്ലാതല അന്തിമ കോമൺ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റ് kasargod.gov.in, gspeak.gov in എന്നീ വെബ്സൈറ്റുകളിൽ പരിശോധനയ്ക്ക് ലഭിക്കും.

## രജിസ്ട്രേഷൻ പുതുക്കൽ

ജില്ലയിൽ തൊഴിൽ വകുപ്പിൽ കേരള ഷോപ്പസ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷിമെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ സ്ഥാപനങ്ങളും 2019 ലേക്കുള്ള രജിസ്ട്രേഷൻ പുതുക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റൻറ് ലേബർ ഓഫീസുകളുമായി ബന്ധപ്പെടണം. ഈ മാസം 30നകം രജിസ്ട്രേഷൻ പുതുക്കാത്ത സ്ഥാപനങ്ങൾ 25 ശതമാനം പിഴ ഒടുക്കേണ്ടി വരും. തൊഴിൽ വകുപ്പിന് കീഴിൽ ഇനിയും രജിസ്റ്റർ ചെയ്യാൻ ബാക്കിയുള്ള സ്ഥാപനങ്ങൾ ഉടൻ രജിസ്ട്രേഷൻ എടുക്കണം.

## ക്വട്ടേഷൻ

കാസർകോട് കുടുംബശ്രീ ജില്ലാമിഷനു കീഴിൽ പ്രവർത്തിക്കുന്ന ബിഎൻഎസ്ഇപി (ബ്ലോക്ക് നോഡൽ സൊസൈറ്റി ഫോർ എന്റർപ്രൈസ് പ്രൊമോഷൻ)യിലേക്ക് പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ, ഇൻവെർട്ടർ, പ്രിന്റർ കം ഫോട്ടോകോപ്പി, സ്കാനർ എന്നിവ നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. താൽപര്യമുള്ളവർ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഈ മാസം 26 വൈകുന്നേരം അഞ്ചിനകം ക്വട്ടേഷൻ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 04994 256111, 8547224811

## പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പ്; തീയതി നീട്ടി

വിമുക്ത ഭടന്മാരുടെയും അവരുടെ വിധവകളുടെയും 2018-19 വർഷത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് (102 ഓളം വിവിധ കോഴ്സുകൾ) ചേർന്ന് പഠി ക്കുന്ന കുട്ടികൾക്ക്, പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പിനുള്ള (പി.എം.എസ്.എസ്) അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 30 വരെ നീട്ടി. വിമുക്ത ഭടൻ,വിധവ www.ksb.gov.in എന്ന വെബ്സൈറ്റിൽ ഒറ്റതവണ രജിസ്റ്റർ ചെയ്ത് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. സമർപ്പിച്ച അപേക്ഷയുടെ പകർപ്പും അനുബന്ധ രേഖകളും ഒറിജിനൽ സഹിതം അപേക്ഷ സമർപ്പിച്ച് അഞ്ച് ദിവസത്തിനകം ജില്ലാ സൈനിക് ക്ഷേമ ഓഫീസിൽ പരിശോധനയ്ക്കും തുടർ നടപടിക്കുമായി ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04994 256860.

## ക്വട്ടേഷൻ ക്ഷണിച്ചു

ദേശിയ ആരോഗ്യ ദൗത്യം ഓഫീസിലേക്ക് എയർ കണ്ടീഷ്ണർ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ഡിസംബർ രണ്ടിന് ഉച്ചയ്ക്ക് 2.30നകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പ്രോഗ്രാം മാനേജർ, ദേശിയ ആരോഗ്യ ദൗത്യം, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് പി.ഒ. 671315

## നമ്പറുകൾ കൂട്ടിച്ചേർത്തു

കാറ്റഗറി നമ്പർ 269/2013 പ്രകാരം പി.എസ്.സി. നടത്തിയ ജില്ലാ സഹകരണ ബാങ്കിലെ ഡാറ്റ എൻട്രി ഓപ്പറേറ്റർ (പാർട്ട്1-ജനറൽ വിഭാഗം) തസ്തികയുടെ സാധ്യതാ പട്ടികയുടെ മുഖ്യ വിഭാഗത്തിലും ഉപവിഭാഗത്തിലും താഴെപറയുന്ന നമ്പറുകൾ കൂട്ടിച്ചേർത്തു.

മെയിൻ ലിസ്റ്റ്: 104848,110544,113226. സപ്ലിമെന്ററി ലിസ്റ്റ്: ഈഴവ - 114116. എൽ.സി.- 100412, 108493. ഒ.ബി.സി.-104010. വിശ്വകർമ്മ-102398,110540,111386,113371. എസ്.ഐ.യു.സി .നാടാർ-103606. ഒ.എക്സ്.-103605. ധീവര-113289,114717. ഹിന്ദു നാടാർ - 100982, 105542.

(തുടരും)

# ലൈഫ് സര്‍ട്ടിഫിക്കറ്റ് ഹാജരാക്കണം

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി, കേരള ഡൊമസ്റ്റിക്ക് വര്‍ക്കേഴ്സ് ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാര്‍ബര്‍ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയില്‍ നിന്നും റിട്ടയര്‍മെന്റ് പെന്‍ഷന്‍, അവശത പെന്‍ഷന്‍ ലഭിച്ചുകൊണ്ടിരിക്കുന്നവര്‍ ഈ മാസം 30 നകം ലൈഫ് സര്‍ട്ടിഫിക്കറ്റും ആധാര്‍ കാര്‍ഡ്, പെന്‍ഷന്‍കാര്‍ഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകര്‍പ്പും ഫോണ്‍ നമ്പറും സഹിതം കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ അശോക ബില്‍ഡിംഗില്‍ മൂന്നാം നിലയില്‍ പ്രവര്‍ത്തിക്കുന്ന കാസര്‍കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസില്‍ സമര്‍പ്പിക്കണം.

# അധ്യാപക ഒഴിവ്

മൊഗ്രാല്‍ പുത്തൂര്‍ ഗവ.ഹയര്‍ സെക്കന്‍ഡറി സ്കൂളില്‍ ഹയര്‍ സെക്കന്‍ഡറി വിഭാഗത്തില്‍ ഫിസിക്സ് സീനിയര്‍ അധ്യാപക ഒഴിവുണ്ട്. അഭിമുഖം ഈ മാസം 21 ന് രാവിലെ 10 ന് സ്കൂളില്‍ നടക്കും. ഫോണ്‍- 9447621391.

# ഗസ്റ്റ് ഇന്‍സ്ട്രക്ടര്‍ ഒഴിവ്

കയ്യൂര്‍ ഗവ: ഐ.ടി.ഐയില്‍ ടെക്നീഷ്യന്‍ പവര്‍ ഇലക്ട്രോണിക്സ് സിസ്റ്റം ട്രേഡിലേക്ക് ഗസ്റ്റ് ഇന്‍സ്ട്രക്ടറെ നിയമിക്കും. കൂടിക്കാഴ്ച ഈ മാസം 22 ന് രാവിലെ 10.30 ന് ഐ.ടി.ഐയില്‍ നടക്കും.കൂടുതല്‍ വിവരങ്ങള്‍ക്ക്-04672 230980

# ലൈബ്രറി ഇന്റേണ്‍സ് നിയമനം

മങ്കട ഗവ.ആര്‍ട്സ് & സയന്‍സ് കോളേജ് ലൈബ്രറിയിലേക്ക് രണ്ട് ലൈബ്രറി ഇന്റേണ്‍സിനെ നിയമിക്കുന്നു. കൂടിക്കാഴ്ച ഈ മാസം 23 ന് രാവിലെ 10.30 ന് കോളേജില്‍ നടത്തും. ഫോണ്‍- 04933 202135.

# ക്വട്ടേഷന്‍ ക്ഷണിച്ചു

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തില്‍ ഈ മാസം 25 ന് കുടുംബശ്രീ സ്കൂള്‍ രണ്ടാം ഘട്ടത്തിന്റെ ജില്ലാതല ഉദ്ഘാടനം കാസര്‍കോട് സംഘടിപ്പിക്കുന്നു. പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പന്തല്‍, അനുബന്ധ സാമഗ്രികള്‍ എന്നിവ ലഭ്യമാക്കുന്നതിന് കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷന്‍ ക്ഷണിച്ചു. ക്വട്ടേഷനുകള്‍ ഈ മാസം 22 ന് വൈകുന്നേരം നാലിനകം സമര്‍പ്പിക്കണം. ഫോണ്‍: 04994 256111

**(അവസാനിച്ചു)**